Rao Sahib I. N. Menon *(Director of Public Instruction):*

(*a*) 8th Edavam 1111.

(*b*) 2 years, 3 months and 24 days (Was on leave for 1 year, 2 months and 14 days out of this period).

(*c*) G. H. S., Kunnamkulam
2 years, 8 months and 24 days
H. S., Ollur—4 years and 6 months.

(*d*) No.

(*e*) No.

(*f*) Yes For her personal convenience and comfort. Statistics regarding the dates of her request has not been maintained.

CONDOLENCE MOTION
ON THE DEMISE OF Mr. POPATLAL GOVERDHAN LALAN

Mr. President: I think it will be better if we take up the motion of condolence next, before we get on to the official business. I ask Mr. Dhara Singh to move his motion.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: മിസ്റ്റർ പ്രസിഡണ്ട് സർ, കൊച്ചി രാജ്യത്തിനു മാത്രമല്ല, കേരളത്തിനുതന്നെ അടുത്തകാലത്തൊന്നും നികത്താനുതാത്ത ഒരു വമ്പിച്ച നഷ്ടമാണ് ശ്രീമാൻ പോപ്പട്ട്ലാൽ സേട്ടുവിന്റെ അകാലനിര്യാണംകൊണ്ടുണ്ടായിരിക്കുന്നതു്. ഈ അനുശോചനപ്രമേയം ഞാൻതന്നെ അവതരിപ്പിക്കേണ്ടിവന്നതിൽ ഒരുതരത്തിൽ പരമഭാഗ്യമായും മറ്റൊരുതരത്തിൽ ഏറ്റവുമധികം വേദനാജനകമായ കൃത്യവുമായിട്ടാണ് ഞാൻ കണക്കാക്കുന്നതു്.

ഇന്നു ഞാൻ പ്രതിനിധീകരിക്കുന്ന മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നു് രണ്ടു തവണയും വ്യവസായ വാണിജ്യ നിയോജകമണ്ഡലത്തിൽനിന്നു് ഒരു തവണയും തുടച്ചയായി തിരഞ്ഞെടുക്കപ്പെട്ട ഒരു സാമാജികനായിരുന്ന പരേതൻ. ഇന്നിവിടെയുള്ള പലരും അദ്ദേഹവുമായി നേരിട്ടു പരിചയമുള്ളവരാണു്. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെപ്പറ്റിയും സ്വഭാവഗുണങ്ങളെപ്പറ്റിയും ഞാൻ വിവരിക്കാതെതന്നെ പലർക്കും നേരിട്ടറിയാം. എങ്കിലും പലേ പ്രവൃത്തികളിലും പരേതന്റെ കാലടിപ്പാടുകളെ അനുകരിക്കുന്ന ഞാൻ രാജ്യത്തിനും ജനസമുദായത്തിനും അദ്ദേഹം ചെയ്തിട്ടുള്ള നിസ്വാർത്ഥസേവനങ്ങളെപ്പറ്റി കുറച്ചൊന്നുപറഞ്ഞു സ്വയം കൃതാർത്ഥത അടയാമല്ലൊ എന്നു് വിചാരിച്ചാണു് ഈ അനുശോചനപ്രമേയം അവതരിപ്പിച്ചും കൊണ്ടു് സംസാരിക്കണമെന്നുദ്ദേശിക്കുന്നതു്.

മട്ടാഞ്ചേരി മുനിസിപ്പൽ ചെയർമാനും വർത്തകപ്രമാണിയും, നിഷ്കളങ്കനായ ഒരു രാജഭക്തനും തികഞ്ഞ ദേശാഭിമാനിയുമായിരുന്ന സേട്ടു് പോപ്പട്ട്ലാൽ ഹൃദയസ്തംഭനംമൂലം അന്തരിച്ചു എന്നവാർത്തകേട്ടപ്പോൾ നടുങ്ങാത്ത ഹൃദയമൊ, നനയാത്തകണ്ണുകളൊ കേരളത്തിലുണ്ടായിരുന്നില്ല. അത്രക്കു് അദ്ദേഹത്തിന്റെ യശശ്ശുഭ്രവളിമ അവിടമെങ്ങും വ്യാപിച്ചിരുന്നു. അദ്ദേഹം വെറും ഒരു പണക്കാരനായിരുന്നതുകൊണ്ടല്ല, അദ്ദേഹം മരിച്ചപ്പോൾ ജനങ്ങൾ ദുഃഖിതരായതു്. പക്ഷെ ഔദാര്യത്തിന്റെയും പരോപകാരത്തിന്റെയും പര്യായമായിരുന്ന അദ്ദേഹം എത്രയൊ കുടുംബങ്ങളുടെ ആശാദീപമായിരുന്നു; ഏകാവലംബമായിരുന്നു. ശ്രീമാൻ പോപ്പട്ട്ലാൽ ഉദാരനായ ഒരു ധനികൻ മാത്രമായിരുന്നുവൊ? അല്ല, അതദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളിൽ അപ്രധാനമായ ഒന്നുമാത്രമാണു്.

പോപ്പട്ടലാൽ സേട്ട തികച്ചും ഒരു നിർമ്മാണപുരുഷനായിരുന്നു. കൊച്ചിരാജ്യത്തിലെ മിക്ക സ്ഥാപനങ്ങളും സംഘടനകളും സംഘങ്ങളും ഇന്നത്തെ നിലയിലെത്തുവാൻ അദ്ദേഹത്തിനു് വളരെ കടപ്പെട്ടിട്ടുണ്ടെന്നുള്ളതു് നമുക്കാർക്കും വിസ്മരിക്കുവാൻവയ്യ. ഇന്നു് കൊച്ചിരാജ്യത്തിലെ ഏറ്റവും വലിയ ബാങ്കുകളിൽ ഒന്നായ് ഇന്നറിയപ്പെടുന്ന മാർക്കന്റയിൽ ബാങ്കു് അദ്ദേഹത്തിന്റെ സംഘടനാനൈപുണ്യത്തിന്റെ ഒരു ജ്വലസ്മാരകമായി നിലകൊള്ളുന്നു. അതിന്റെ സ്ഥാപകനും ആരംഭംമുതല്ക്കു് മാനേജിങ്ങ് ഡയറക്ടറും ആയിരുന്ന അദ്ദേഹം തന്റെ നേരിട്ടുള്ള പ്രവർത്തനവും നിഷ്കൃഷ്ടമായ മേൽനോട്ടവും കൊണ്ടാണു് വെറും ഏഴുകൊല്ലത്തിനുള്ളിൽ ഇതിനെ ഒരു ഷെഡ്യൂൾഡ്ബാങ്കാക്കി ഇന്നത്തെ അസൂയാർഹമായ നിലയിലേക്കുയർത്തിയതു്. ക്രടാതെ മറ്റു പലബാങ്കുകളുടെ ഡയറക്ടറും ഒട്ടനേകം കമ്പനികളുടെ പാർട്ടനറും ഡയറക്ടറും ഷെയർഹോൾഡറും, അതിലുമേറെ പൊതുജനോപകാരപ്രദവും രാഷ്ട്രനിർമ്മാണപരവുമായ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും അദ്ധ്യക്ഷനും രക്ഷാധികാരിയും ജീവനാഡിയുമായിരുന്നു. ഇന്ത്യൻ ചെയിമ്പർ ഓഫ് കാമേഴ്സ് പ്രസിഡെണ്ടു്, ആർകൊച്ചിൻ റെഡ

LIBRARY ARCHIVES Kerala Legislative Assembly

ക്രോസ്സ്" സൊസൈറ്റി ട്രഷറർ, മുനിസിപ്പൽ ചെയർമാൻ, എം. എൽ. സി. എന്നീ നിലകളിലെല്ലാം അദ്ദേഹം നാടിന്നും നാട്ടാക്കും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളും നമുക്ക് ഒരിക്കലും മറക്കുവാൻ സാദ്ധ്യമല്ല.

അദ്ദേഹം പതിമൂന്നുകൊല്ലം തുടച്ചയായി ഈ കൌൺസിലിലെ ഒരു അംഗമായിരുന്നു. വാദപ്രതിവാദങ്ങളിൽ താരതമ്യേനവലുതായ പങ്കെടുത്തിരുന്നില്ലെങ്കിലും അദ്ദേഹം പ്രസംഗിക്കുമ്പോഴെല്ലാം അതിൽ യാഥാർത്ഥ്യങ്ങളും കാര്യങ്ങളും നിർമ്മാണപരമായ വിമർശനങ്ങളും ധാരാളം അടങ്ങിയിരുന്നു. കഴിഞ്ഞകൊല്ലം ഭക്ഷണവകുപ്പിന്റെ പ്രവർത്തനവൈകല്യങ്ങളെക്കുറിച്ച് നിരൂപണം ചെയ്യുമ്പോൾ നിർമ്മാണപരവും, പക്ഷെ മുഖം നോക്കാതെയുള്ള അദ്ദേഹത്തിന്റെ വിമർശനവും ഇതിന്നൊരുദാഹരണമാണ്.

സമ്പൽസമൃദ്ധനായ വലിയ ഒരു പ്രഭുവായിരുന്നുവെങ്കിലും ആക്കും ഏതുസമയത്തും എപ്പോഴും അദ്ദേഹത്തോടുചെന്നു പറയുവാനുള്ള സ്വാതന്ത്ര്യവും സൌകര്യവും ലഭിച്ചിരുന്നു. അതുല്യമായ ക്ഷമാശക്തി, സരളവും വിനയപൂർണ്ണവുമായ പെരുമാറ്റം, ഹൃദയം കവിഞ്ഞൊഴുകുന്ന കരുണ, ആത്മാർത്ഥത, ഉൽകൃഷ്ടമായ വ്യക്തിത്വം ഇവകൾ ആരേയും പ്രഥമദർശനത്തിൽത്തന്നെ അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തും ഭക്തനുമാക്കിത്തീർത്തിരുന്നു. അഹംഭാവമൊ കാലുഷ്യമൊ പ്രതികാരേച്ഛയൊ അദ്ദേഹത്തിന്റെ ഹൃദയത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല. ശത്രുമിത്രഭേദമൊ ജാതിമതകക്ഷിവ്യത്യാസമൊ കൂടാതെ ആപത്തിൽപെട്ടഏവരേയും അദ്ദേഹം ഉള്ളഴിഞ്ഞു സഹായിച്ചിരുന്നു. ഇതെല്ലാം പേരും പെരുമയ്ക്കും വേണ്ടിയല്ല, പക്ഷെ ഈ വക കാര്യങ്ങൾ തന്റെ ജീവിതത്തിലെ ഒഴിച്ചുകൂടാത്ത കർത്തവ്യങ്ങളാണെന്ന് വിചാരിച്ചാണ് അദ്ദേഹം ചെയ്തിരുന്നതു്.

ജനസേവനംമാത്രം തന്റെ ജീവിതാദർശമായി സ്വീകരിച്ചിരുന്ന അദ്ദേഹത്തിന്റെ അകാലനിര്യാണംകൊണ്ട് നാടിന്നുണ്ടായ നഷ്ടം ചില്ലറയൊന്നുമല്ല. ആക്കെങ്കിലും ഏതെങ്കിലും വിധത്തിൽ ഉപയോഗമില്ലാതിരുന്ന ഒരു ദിവസംപോലും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. കമ്മ്യൂണലമായ പൊതുരംഗത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കവെ, താരുണ്യദശയിൽത്തന്നെ—വെറും ർസ്-ാമത്തെവയസ്സിൽ നമ്മുടെ മദ്ധ്യത്തിൽനിന്നും തിരോധാനംചെയ്തതാണ് നമ്മളെ ദുഃഖത്തെ ഇരട്ടിയും അസഹ്യമാക്കുന്നതു്. കൂടാതെ യുദ്ധാനന്തര പുനഃസംവിധാന പദ്ധതിയിൽ ജനങ്ങൾക്കും ഗവർമ്മെണ്ടിന്നും ഉദാരനായ ആ നഗരപിതാവിന്റെ സേവനങ്ങൾ അത്യന്താപേക്ഷിതമായിരുന്നു. മട്ടാഞ്ചേരി നഗരത്തെ പരിഷ്കരിക്കുവാനുള്ള പല വമ്പിച്ച പദ്ധതികളും അദ്ദേഹം നടപ്പിൽ വരുത്തുവാൻ തിരുമാനിച്ചിരുന്നു. അതിൽ ഏതെങ്കിലും കാര്യത്തിന്നു പണമില്ലാതെ വരികയാണെങ്കിൽ തന്റെ സമ്പാദ്യത്തിൽ നിന്നും നല്ലൊരുഭാഗം സ്വന്തമായി ചിലവാക്കി അവ നടപ്പിൽ വരുത്തേണമെന്നും അദ്ദേഹം നിശ്ചയിച്ചിരുന്നു. പക്ഷെ എന്തു ചെയ്യാം—ഹതഭാഗ്യയായ മട്ടാഞ്ചേരി ഇന്നു കണ്ണീരൊഴുക്കുകയാണു്.

സർ, ബഹുമുഖമായ കർമ്മകുശലതയും വിശിഷ്ടമായ വ്യക്തിമാഹാത്മ്യവും സമ്മേളിച്ചിരുന്ന പരേതന്റെ അപദാനങ്ങളെ മുഴുവനും പ്രകീർത്തിക്കുക എന്നതു എന്നെക്കൊണ്ടു് അസാദ്ധ്യവും ഇവിടെ അസംഗതവുമാണു്. എങ്കിലും അദ്ദേഹത്തിന്റെ ചില വിശേഷഗുണങ്ങളെ അനവദ്യമായി പ്രതിഫലിപ്പിക്കുന്ന ഒരു ശ്ലോകം ഞാനിവിടെ ഉദ്ധരിച്ചു അവസാനിപ്പിക്കാം.

"ദാതൃത്വം, പ്രിയവക്തൃത്വം, ധീരത്വമുചിതജ്ഞതയ
അഭ്യാസേന ന ലഭ്യന്തേ ചത്വാരഃസഹജാഗുണാഃ"

ഈ നാലുഗുണങ്ങളും എത്ര അഭ്യാസംകൊണ്ടും ലഭിക്കാത്തതും ജന്മസിദ്ധവും സഹജവുമാണു്. ഈ ഗുണങ്ങളും വലിയ ഒരു പരിമാണത്തിൽ ശ്രീമാൻ പോപ്പട്ട് ലാലിൽ സമ്മേളിച്ചിരുന്നു എന്നു് ഞാൻ പറയുമ്പോൾ അതിൽ തെല്ലുപോലും അതിശയോക്തിയില്ല.

ദാതൃത്വം.—ദാനശീലത്വം, അവശർക്കും ദരിദ്രർക്കും അദ്ദേഹം ഒരു കല്പവൃക്ഷമായിരുന്നു. ഏതൊരു പൊതുകാര്യത്തിനും അദ്ദേഹത്തിന്റെ കൈനീട്ടം വാങ്ങാത്തസന്ദർഭം ചുരുക്കമാണു്. "ഇല്ല" എന്ന ശബ്ദം അദ്ദേഹത്തിന്റെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല.

പ്രിയവക്തൃത്വം.—മാധുര്യവും സ്നേഹവും നിറഞ്ഞ അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാൽ ഏതൊരു വ്യഥിതഹൃദയവും സമാധാനവും സംതൃപ്തിയും കൊള്ളുക പതിവായിരുന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കുകളിലും വിനയം, സൌഹാർദ്ദഭാവം, ആത്മാർത്ഥത, മാധുര്യം

LIBRARY ARCHIVES Kerala Legislative Assembly

ഇവ തുളുമ്പിയിരുന്നു. എത്ര ചെറിയവനോടുമാകട്ടെവിനയോടെയോടും സ്നേഹത്തോടുമല്ലാതെ സംസാരിക്കുവാൻ അദ്ദേഹം പഠിച്ചിട്ടില്ല. ക്രോധംകൊണ്ട് എപ്പോഴെങ്കിലും മുഖം ചുവക്കുന്നതായൊ കഠോരവും കർശവുമായ ഒരു ശബ്ദം അദ്ദേഹത്തിന്റെ വായിൽനിന്നു പുറപ്പെടുന്നതായൊ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. വാസ്തവത്തിൽ അദ്ദേഹത്തിന്റെ വിജയരഹസ്യംതന്നെ ഈ ഒരു അസാധാരണ വശീകരണ ശക്തിയിലാണ് ഉൾക്കൊണ്ടിരുന്നതു്.

ധീരത.—ഏതൊരു പരിതസ്ഥിതിയേയും മനസ്സു പതറാതെ സധൈര്യം നേടുവാനുള്ള മനക്കരുത്തും, കഴിവും സന്നദ്ധതയും അദ്ദേഹത്തിനുണ്ടായിരുന്നു എന്നതു് എത്രയൊ ഉദാഹരണങ്ങൾകൊണ്ടു് തെളിയിയ്ക്കുവാൻ സാധിക്കും.

ഉചിതക്രിയ.—സന്ദർഭത്തിനും സമയത്തിനും ഏറ്റവും യോജിച്ച വിധത്തിൽ പ്രവർത്തിക്കുകയും ഒരു സാധനം വേണ്ടതുപോലെ ഉപയോഗിക്കുകയും ചെയ്യുക എന്നതാണു് ഇതുകൊണ്ടു് ഞാൻ വിവക്ഷിക്കുന്നതു്. പണം സമ്പാദിക്കുവാൻ എത്രയൊപേക്ഷിയാം. സമ്പാദിച്ചിട്ടുമുണ്ടു്. ഇന്നു നമ്മുടെ നാട്ടിൽത്തന്നെ എത്രയൊ കുബേരന്മാരുണ്ടു്. പക്ഷെ പണം സമ്പാദിക്കുവാനും അതു ഉപയോഗപ്രദമായ വഴിയിൽക്കൂടി ചിലവാക്കാനും പഠിച്ചവർ വളരെ ചുരുക്കമാണു്. പോപ്പട്ടുലാൽ ആ ചുരുക്കം ചിലരിൽ ഒരാളായിരുന്നു.

ഇങ്ങിനെ താൻ സമ്പാദിച്ച ധനത്തിന്റേയും സമ്പത്തിന്റേയും ഒരു ട്രസ്റ്റിമാത്രമാണു് താൻ എന്നു വിശ്വസിച്ചു്, അതുപോലെ പ്രവർത്തിച്ചുപോന്നിരുന്ന അദ്ദേഹം നമ്മുടെ നാട്ടിലെ ജന്മിമാർക്കും, ധനവാന്മാർക്കും വാസ്തവത്തിൽ ഒരു മാതൃകയാണു്, ആദർശപുരുഷനാണു്.

കുബേരന്മാർക്കു അഭികാമ്യവും, മാതൃകാപരവുമായ ഒരു ജീവിതമായിരുന്ന ശ്രീ പോപ്പട്ടുലാലിന്റെതെങ്കിൽ അദ്ദേഹത്തിന്റെ മരണം അതിലുമേറെ അഭികാമ്യവും അനുയാർഹവുമായിരുന്നു.

കഴിഞ്ഞ ഡിസമ്പർ 2 0-ാംനു-യാണു് ആ സംഭവബഹുലവും ഊർജ്ജസ്വലവും ജനോപകാരസമ്പൂർണ്ണവുമായ ഉൽകൃഷ്ടജീവിതം അവസാനിച്ചതു്. അന്നു സന്ധ്യക്കു ഒരു ഹോട്ടൽ ഉൽഘാടനത്തിൽ പങ്കുകൊണ്ടതിനുശേഷം, ഞാനും അദ്ദേഹവുംകൂടി കൊച്ചിയിലേക്കു മടങ്ങുകയുണ്ടായി. വീട്ടിലെത്തി ഞങ്ങളം വർത്തമാനം പറഞ്ഞിരിക്കുന്ന അവസരത്തിൽ കലശലായ, അസഹനീയമായ നെഞ്ചുവേദനയാണെന്നു പറഞ്ഞു സോഫയിൽ കിടന്നിരുന്ന അദ്ദേഹം പെട്ടെന്നു എഴുന്നേറ്റിരുന്നു. രണ്ടുമുന്നു നിമിഷം കഴിഞ്ഞപ്പോൾ അദ്ദേഹം ഒന്നു രണ്ടു തവണ ഛർദ്ദിക്കുകയുണ്ടായി അതോടുകൂടി വലുതായ ആലസ്യം ബാധിച്ചതുപോലെ അദ്ദേഹം നിലത്തു് കിടന്നു. കുറെ നേരം അദ്ദേഹം മൃത്യുവിനോടു് ധീരമായി മല്ലിടുന്നതു് ഞങ്ങൾക്കു് പ്രത്യക്ഷമായി കാണാമായിരുന്നു. അവസാനം നിവൃത്തിയില്ലെന്നു കണ്ടപ്പോൾ മരണം നിശ്ചയമാണെന്നു ബോദ്ധ്യമായ അദ്ദേഹം യാതൊരു പരിഭ്രമവും കാണിക്കാതെ ഭാര്യയോടു് കുറച്ചു് ഗംഗാജലം കൊണ്ടുവരുവാൻ പറയുകയും അതിനു് ശേഷം, ഭാര്യയുടെ മടിയിൽതന്നെത്താൻ തലവെച്ചു് അവരുടെ കൈകൊണ്ടുതന്നെ രണ്ടുമൂന്നുതുള്ളി തീർത്ഥജലം കുടിക്കുകയും ചെയ്തു. മായയുടെ സർവ്വബന്ധങ്ങളിൽനിന്നു മുക്തി നേടിയാലെന്നപോലെ, തീർത്ഥം കുടിച്ചുകഴിഞ്ഞപ്പോൾ, ഒരു സംതൃപ്തി അദ്ദേഹത്തിനു തോന്നി. സകല വേദനയും ശമിച്ചതുപോലെ അദ്ദേഹം ശാന്തഗംഭീരമായ സ്വരത്തിൽ അടുത്തുനിന്നിരുന്ന ഒരു ആത്മസുഹൃത്തിനോടു് പറഞ്ഞു "എന്റെ മരണം അടുത്തു. ഇതാ ഞാൻ മരിയ്ക്കുന്നു". ഇതു് പറഞ്ഞു തീർന്നുടൻ അദ്ദേഹം തന്റെ ഇരുകൈകളുംകൂപ്പി കണ്ണുകൾരണ്ടും മെല്ലെ അടച്ചു മുഖത്തു് അലൌകികമായ ഒരു കൃതാർത്ഥതയും പുഞ്ചിരിയും കളിയാടി. നശ്വരമായ ആ ദേഹത്തിൽ നിന്നും അനശ്വരമായ ദേഹി വേർപെട്ടതു് ഏപ്പോളാണെന്നു ആരും അറിഞ്ഞില്ല. ഇഹലോകത്തിലെ തന്റെ കർത്തവ്യം പരിപൂർണ്ണമായും നിർവ്വഹിച്ചു എന്നുള്ള കൃതാർത്ഥതയോടുകൂടി അകലുമ്പുനായി അദ്ദേഹത്തിന്റെ ആത്മാവു് നിത്യതയിലേക്കു് ഉയർന്നു.

എത്ര അഭികാമ്യമായ ജീവിതം! അതിലും എത്ര അഭികാമ്യമായ മരണം!! ജഗദീശ്വരൻ അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നൽകട്ടെ!!!

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I associate myself with every sentiment given expression to by my Hon'ble friend from Mattancheri in very ably and feelingly moving the condolence motion. After that performance, Sir, it is simply wrong for one to contribute one word more about the great man whose death we bemoan today. But my only excuse for speaking on this condolence is my rare privilege of my having been a personal friend of the departed ever since his entry into this Council.

LIBRARY ARCHIVES Kerala Legislative Assembly

On two occasions, Sir, the late Mr. Popatlal entered this House as the representative of the General Constituency of Mattancheri and for the third and last time as the representative of the Commerce Constituency. This last time, he was here, Sir, for the longest period that he was in this House.

It was a pleasure always, Sir, for any one to be associated with the great man. His business capacity is well-known and the firm of Goverdhan Hathibhai & Co., is an outstanding example of it. The Hon'ble Member from Mattancheri has already referred to his capacity for organisation and management, an example of which is the outstanding banking concern, the Indo-Mercantile Bank.

But what I have seen in the late Mr. Popatlal, more than anything else, Sir, is the peculiar kind of philanthropist that he is. While most of the philanthropists of the world cannot escape the charge of being noisily advertised, the trait of the philanthropy in the great man was that it was simply noiseless. It was his creed, Sir, or even a condition of enjoying the benefits of his philanthropy that his gifts, his benefactions, will not be made known to others. I know of many instances of such a kind in his life. Always it was a philanthropy of the right sort that, he was indulging in. There was no good cause, as stated by the Hon'ble Mover, which escaped his kind and patronising attention. As already stated, he is one who thought with the great poet Shelly that "riches are a trust" and it is very gratifying to note and a lesson for others similarly placed like the great man, that he managed the trust given unto him by the giver of all things most successfully and always to the benefit of the beneficiaries.

A word about his contributions to the debates of this House will not be out of place. His contributions, Sir, had been penetrating, illuminating, at times carping too, but the humourous way in which he gave expression to his views, both in Malayalam and in English, succeeded in driving home his point, even to the minds of the Treasury Benches. That was the nature of his contribution to the debates of this House.

It is, Sir, only the privilege of men placed like the late Mr. Popatlal to play such parts. Towards the close of his life, he seems to have deliberately given up the idea of Council life because it would appear, Sir, that he was feeling at that time to concentrate his attention more upon a limited field like the Municipal activities. But unfortunately Mattancheri—unfortunate in this particular respect only—was not lucky enough to enjoy what would have followed from the Mayoralty of the late Mr. Popatlal. It was at such a time that he was snatched away, in the full prime of his activities. But we have to pay the toll, and the late great man has paid the toll. His last moments have been very touchingly described by a personal friend and an admirer of his, the Hon'ble Mover of this resolution. It is the loss of such a great son of Cochin-nay of all India that we bemoan today. The greatest honour that we can do unto him is to make our earnest attempts, to the extent of our capacities, to lead a life that he so eminently succeeded in leading. That, Sir, is the greatest homage that we can pay to the departed. May his soul rest in eternal and ever-lasting peace!

*__Mr. Shabdai S. Koder__ *(Nominated)*: Mr. President, Sir, as one who is very closely associated with late Mr. P opatlal, not only as a collegue of this House but in very many activities of business or otherwise, I feel it my painful duty to add a word or two of tribute to his departed soul. Late Mr. Popatlal was primarily known throughout the State and beyond it as a very big businessman. There is no business concern in the State in which he had no hand. He was the founder, as was stated by the Mover, of the Indo-Mercantile Bank, which is the first bank registered in our State to become a Scheduled Bank. He was a friend of the poor and I do not think there is any one in the State or outside it who has appealed for any help. One of his great ambitions in life was to improve the town of Mattancheri and for that purpose alone he consented to become its Chairman. He was the Chairman only for a very few days and even during this few days he initiated a few schemes to improve the sanitary conditions of the town. And he was also planning many other schemes for the development of the death snatched away from our midst and we the inhabitance of Mattancheri are the sufferers. In Mr. Popatlal's death His Highness has lost a loyal subject, the State a business magnate, the poor a king of philanthropists, and his friends and sincere and loving companion. May his soul rest in peace!

__Mr. M. O. Thomakkutty__ *(Commerce and Industry)*: Mr. President Sir, I fully associate myself with the sentiments expressed by the mover of the condolence motion. The late

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. Popatlal Goverdhan Lalan was a member of this Honourable House on two occasions, once representing Mattancheri Constituency, the other as a member of Commerce and Industry.

As a merchant I had the opportunity of having contacts with him and we were closely united with each other for several years. In the capacity of an ex-member representing Commerce and Indusry, it will not be out of place if this Honourable House records a condolence on the sad and premature demise of Mr. Popatlal.

Mr. Popatlal died as the Chairman of the Mattancheri Municipal Council, an ex-member of the Cochin Legislative Council and the President of the Indian Chamber of Commerce, Cochin. The Public of Cochin especially of Mattancheri Town was optimistic when Mr. Popatlal was elected to preside over Council of this ancient Town of Mattancheri.

I had a casual visit to Mr. Popatlal, a couple of weeks prior to his death, and we had discussed many vital schemes pertaining to the town improvements and trade conditions of Mattancheri. He had requested me to co-operate with him for fulfilling his various views in all possible ways. I am quite certain that some remarkable changes would have taken place if he were alive for some time more. Incidently the poor soul passed away from us which of course is a disappointment to one and for all. Let us, however, hope that Government will have particular interest and take necessary steps for the improvement of the Mattancheri Town, by providing proper drainage, and better sanitary conditions, etc., and bring it up to the standard of a modern city within a short period.

The deceased Mr. Popatlal was the organiser and Managing Director of the Indo-Mercantile Bank Ltd., ever since it was established and by his undue influence and perseverence, it has now become a scheduled bank at Cochin.

Last but not the least, Mr. Popatlal was very philanthrophic and generous towards the public. He evinced keen interest and sympathy towards the public especially in educating large number of orphans from all communities. Such were his good manners coupled with the influential position he held, that the gap left by his untimely passing away, will be very difficult to fill. May his soul rest in peace.

Rao Bahadur T. S. Narayana Ayyar *(Nominated)*: Sir, I also wish to associate myself with all the sentiments expressed by the previous speakers. I had the pleasure of first having the acquaintance of the late Seth Popatlal while he was a non-official member of this House in 1935. He was a perfect gentleman in his manners and dealings, a shrewd and successful man of business, a great friend of the poor and the needy. In fact, there was no good cause for which he was approache d which did not meet with a prompt and generous response from him. He did much for the development of Mattancheri as a commercial centre and greatly interested himself in improving the amenities of the town. In his untimely death, the State has lost a prominent and useful citizen.

Mrs. T. Francis*(Ernakulam-Women)*: Mr. President Sir, I wish to associate myself with all the sentiments expressed by the mover on the sad and unexpected demise of the late Mr. Popatlal Goverdhan Lalan. Mr. Popatlal lived a life not solely for himself and for his own family but for his neighbours too. He was a real friend in need, a man who gave a patient ear to others' troubles and rendered helping hand. He took a keen interest towards the general progress of mankind and towards the uplift of women. On behalf of the women of Cochin State and on behalf of my own self I extend our heart felt condolence to Mrs. Popatlal, his two children and to his brother. May his Soul rest in peace!

*മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ശ്രീമാൻ പോപ്പുറലാലന്റെ അകാലനിര്യാണത്തിൽ എനിക്കും മറ്റുള്ളവരെപോലെതന്നെ വല്ലാത്ത വ്യസനമുണ്ട്. അദ്ദേഹത്തിന്ന സാധുക്കളോടുള്ള ദയാവാത്സല്യങ്ങൾ അതിരറ്റതാണ്. ഒരു കാലത്തു ഹരിജൻ ഹോസ്റ്റൽ ഹരിജനസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയിരുന്ന കാലത്തു അതിന്റെ നടത്തിപ്പിന്ന വേണ്ടി ശ്രീമാൻ പോപ്പുറലാലന്റെ അടുക്കൽനിന്നുണ്ടായിട്ടുള്ള സഹായസഹകരണങ്ങൾ അളവറ്റതാണ്. ഇങ്ങിനെ സാധുക്കളുടെ കാര്യം എത്രതന്നെ ആയാലും അദ്ദേഹം ഒരിക്കലും അതിൽ ഉപേക്ഷ കാണിച്ചിട്ടില്ലെന്നുള്ളതു ഏവർക്കും ചാരിതാർത്ഥ്യമുള്ള സംഗതിയാണ്. ഈ നിലയിൽ അധഃകൃതരുടെ ഒരു പ്രതിനിധി എന്ന നിലയിൽ ഞാൻ അദ്ദേഹത്തിന്റെ അകാലനിര്യാണത്തിൽ ഹൃദയംഗമമായി അനുശോചിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന്ന നിത്യശാന്തി നേരുകയും ചെയ്യുന്നു.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Dr. S. S. Rao *(Nominated)*: I know the late Mr. Popatlal Goverdhan Lalan since the year 1918. His activities have been far and varied.

I have particularly to make mention of the charitable disposition which has been exhibited by him. The type of his disposition, I believe, is worthy of being emulated. His charitable disposition or his charitable inclination had not the least type of selfishness nor was he expecting anything for the charities imparted by him. It is such type of disposition and charities that are really praise worthy and is very rare among many I have come across. His last wish, at-least immediately he became the Chairman of the Mattancheri Municipality was to effect various types of improvements alround. Another last wish of his was to start a rate payers association and a rate payers Bank at Mattancheri. The one request I have to convey to the present councillors and chairman is to fulfil his wish to their utmost. With these few words I associate myself with the views expressed by the Hon'ble Member from Mattancheri and others. I pray that the soul of late Mr. Popatlal Goverdhan Lalan may rest in peace!

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ശ്രീമാൻ പോപ്പ്പറലാലന്റെ അവിചാരിതവും അത്യുത്കടതവുമായ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് വന്ന പ്രമേയത്തെക്കുറിച്ചു പ്രമേയകർത്താവും ബഹുമാന്യന്മാരായ മറ്റു മെമ്പന്മാരും പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. എനിക്ക് ഹ ഹ കൊല്ലമായി അദ്ദേഹവുമായി പരിചയമുണ്ട്. അദ്ദേഹത്തെ ഒരു ഔദാര്യനിധി ആയിട്ടാണ എനിക്കു കണ്ടിട്ടുള്ളതു്. സാധുക്കളുടെ രക്ഷിതാവു് ഒരുറ്റബന്ധു എന്ന നിലയിൽ എനിക്കു അദ്ദേഹത്തോട് എനിക്കു ബഹുമാനമുണ്ട്. കച്ചവടക്കാരായും മറ്റും അദ്ദേഹത്തിന്റെ അടുക്കൽ പെരുമാറീട്ടുള്ള ആളുകൾക്കു കച്ചവടസംബന്ധമായി ഋണബാധിതരായി കുടികിടപ്പിന്നുപോലും നിവൃത്തി ഇല്ലാതായ ആളുകൾക്കു അദ്ദേഹം രക്ഷനൽകീട്ടുണ്ട്. ബുദ്ധമതക്കാരുടെ "പ്രാണാതിപാതാ വേരമണിശാഖാ വദാസമാദിയാമി" എന്ന തത്വത്തേയും ഹിന്ദുമതക്കാരുടെ "അഹിംസാപരമോധർമ്മഃ" എന്ന തത്വത്തേയും അക്ഷരംപ്രതി പാലിച്ചു ജീവിതംനയിച്ച അദ്ദേഹത്തിന്റെ ആ പാവന സ്മരണ കൊച്ചിയിലെന്നല്ല ഇന്ത്യയിലൊട്ടാകെ ആചന്ദ്രതാരം നിലനില്ക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. എ. രാഘവൻ: സർ, ഞാനും ഈ പ്രമേയത്തെ പിന്താങ്ങുന്നു. സാമാന്യം ഗണനീയമായ ഭാഗ്യത്തിന്റെ അനുഭവങ്ങൾക്ക് അവകാശപ്പെട്ടവരായി ലോകത്തിൽ അനുഭവംകൊണ്ട് ശോഭിപ്പിക്കപ്പെട്ടവരായി വളരെ ചുരുക്കം ആളുകളെ മാത്രമെ കാണുകയുള്ളു. ഭാഗ്യാനുഭവങ്ങളും സൽസ്വഭാവവും ഒരു സമയത്തു ഒരുവനിൽ സമ്മേളിക്കുക എന്നതു് അത്യന്തം ദുർല്ലഭമാണു്. കമനീയമായ സ്വർണ്ണത്തിനു സൌരഭ്യവുംകൂടിയുണ്ടെങ്കിൽ അതു് നമ്മുടെ അത്യന്ത ഭാവനയ്ക്കു എത്രത്തോളം വിഷയമാകുമോ, അതുപോലെയാണു് ഭാഗ്യവും സൽസ്വഭാവവും കൂടി ഒരുവനിൽ സമ്മേളിച്ചാൽ ആ മനുഷ്യൻ അപ്രകാരം സുരണീയനാകുമെന്നു നമ്മൾക്കറിയാം. അപ്രകാരം ഭാഗ്യവും സൽസ്വഭാവും കൂടി ഒത്തിണങ്ങിയ ഒരാളായിരുന്നു ഇന്നിവിടെ പ്രസ്താവ്യനായിരിക്കുന്ന ശ്രീ. പോപ്പ്പറലാലൻ.

ഇന്നിവിടെ കൂടിയിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരിൽ പലരും അദ്ദേഹത്തിന്റെ ദീർഘപരിചയം സമ്പാദിക്കപ്പെട്ടവരാകയാൽ എനിക്കു അവരുടെ മുമ്പിൽ അദ്ദേഹത്തെക്കുറിച്ചു കൂടുതലൊന്നും പറയുവാനില്ല. ഒരെരുരു ദിവസത്തെ അഭിമുഖസംഭാഷണവും അതോടു ചേർന്ന ഉപചാരങ്ങളുമല്ലാതെ എനിക്കു അദ്ദേഹവുമായി കൂടുതൽ കർമ്മബന്ധമൊന്നും ഇല്ല. അദ്ദേഹത്തിനെ ഈയിടെ മട്ടാഞ്ചേരി മുനിസിപ്പൽ ചെയർമാനായി തിരഞ്ഞെടുത്ത അവസരത്തിൽ അദ്ദേഹവുമായി അദ്ദേഹത്തിന്റെ വീട്ടിൽവെച്ചു ഒരഭിമുഖസംഭാഷണം നടത്തുന്നതിന്നിടയായിട്ടുണ്ട്. ഒരു മനുഷ്യനെ അളക്കാനുള്ള മാനദണ്ഡമെന്തൊ അതുവെച്ചളന്നാൽ ആ ഗുണങ്ങളും എല്ലാം ശ്രീ. പോപ്പ്പട്ടലാലനുണ്ടെന്നു അന്നു ഞാൻ മനസ്സിലാക്കി. ഗോകുലത്തെ സംരക്ഷിക്കാൻ ഗോവർദ്ധനത്തെ ഉദ്ധരിച്ച ശ്രീ. ഗോപാലകൃഷ്ണന്റെ വംശക്കാരായ വൈഷ്ണവർ തങ്ങളുടെ പശുക്കളെ സംരക്ഷിക്കുവാൻ എന്തെല്ലാം ചെയ്യുമൊ അതിനു ഒരുത്തമോദാഹരണമാണു ശ്രീ. പോപ്പ്പറലാൽ. ഇന്ത്യയിൽ ഇന്നു കാണാവുന്നതല്ല. പശുക്കളെ അനവധി സംരക്ഷിക്കുന്ന ആളാണു് അദ്ദേഹം. അത്ഥികൾക്കും സാധുക്കൾക്കും അവയിൽനിന്നു കിട്ടുന്ന വസ്തുക്കൾ ഒധിയും ക്ഷീരവും—അദ്ദേഹം ദാനം ചെയ്യുന്നു.

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം പണ്ഡിതന്മാരെ അദ്ധ്യാത്മിക ഗുരുക്കളിൽ അദ്ധ്യാപകന്മാരാക്കാൻ കൊള്ളാവുന്നവരാണ്. പരേതന്റെ ആത്മാവിന്നു നിത്യശാന്തി നേർന്നുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

Mr. B. V. K. Menon *(Chief Secretary to Government):* Sir, I feel that it would be superfluous if not impertinent to try to add to the great tributes paid the memory of the late Mr. Popatlal. I associate myself on behalf of the Government and on my own behalf with all the sentiments expressed here in this regard. May His Soul rest in peace.

Mr. President: Before I put the motion to the House, I should like to associate the Chair with the expressions of regret that have arisen from all parts of the House at the untimely death of the late Mr. Popatlal and to the respect that has been paid to his memory. I would ask the House to stand and pass the motion.

Mr. G. S. Dhara Singh *(Mattancheri):* I would request the Chairman to convey the resolution to the members of his family.

Mr. President: Yes. I shall see to it.

DEMANDS FOR SUPPLEMENTARY GRANTS

1. 2—Agriculture-A-3—Agricultural and Horticultural Schools

Mr. Parambi Lonappen *(Minister for Rural Development):* I rise to move an additional allotment of Rs. 2,065 under "2—Agriculture-A. 3—Agricultural and Horticultural Schools."

In connection with the proposals of the Government of India regarding the vocational training of the defence services personnel, preparatory to their resettlement after demobilisation, Government have sanctioned a six months' course of Agricultural training to 50 Militay Instructors in two successive bacthes of 24 each at the Central Farm, Ollukkara. The trainees will be selected from among the State subjects enlisted in the Imperial Forces. It is proposed to start the course for the first batch in the second half of the current year. The training classes will be held in the Agricultural School, Central Farm, but additional expenditure is necessary for the items detailed below. There is no provision in the current year's budget to meet these items and no reappropriation is found possible. Hence an additional allotment of Rs. 2,065 has become necessary under "2-A-3-Agricultural and Horticultural Schools.

		Rs.
1.	T. A. for the Staff and Studunts ..	500
2.	Other charges.—	
i.	Special remuneration for lecturers on Bee keeping, Veterinary, Co-operation Mycology, Entomology, Animal Husbandry and Agricultural Chemistry ..	300
ii.	Rent for additional building ..	90
iii.	Purchase and repair of implements ..	250
iv.	Furniture ..	150
v.	Seeds and Manure ..	250
vi.	Permanent exhibits, charts, models photos, show cases, etc., for an exhibition room ..	500
vii.	Other contingencies ..	25

I request the additional allotment may be granted.

Mr. V. R. Krishnan Ezhuthassan *(Oorakam):* On a point of information Sir, which is the Government that bears the cost of re-settlement scheme; Is it the India Government or the Cochin Government?

Mr. Parambi Lonappen *(Minister for Rural Development):* Our Government.

Mr. V. R. Krishnan Ezhuthassan *(Oorakam):* Is the India Government's scheme to make us contribute and bear the cost for the re-settlement of the soldiers?

Mr. Parambi Lonappen *(Minister for Rural Development):* Our citizens are being paid.

Mr. V. R. Krishnan Ezhuthassan *(Oorakam):* Of course was it not a scheme of the Government of India to settle the ex-soldiers in civil life after the termination of the war.

Mr. Parambi Lonappen *(Minister for Rural Development):* They have to look after their own people. We want to look after our own people.

Demand put and carried.

LIBRARY ARCHIVES Kerala Legislative Assembly